# 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റ് (1960-ലെ 17) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. റദ്ദാക്കലും ഒഴിവാക്കലും.—(1) 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റ് (1960-ലെ 17) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ അപ്രകാരമുള്ള റദ്ദാക്കൽ,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ്, ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യത്തെയോ ചെയ്ത ഏതെങ്കിലും കുറ്റത്തെയോ ചുമത്തിയിട്ടുള്ള ഏതെങ്കിലും പിഴയെയോ ശിക്ഷയെയോ, ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടിയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ബി) റദ്ദാക്കൽ പ്രാബല്യത്തിൽ വന്ന സമയം പ്രാബല്യത്തിലുണ്ടായിരുന്നതോ നിലനിന്നിരുന്നതോ ആയ ഏതൊരു കാര്യത്തെയും പുനഃസ്ഥാപിക്കുകയോ; അല്ലെങ്കിൽ

(സി) റദ്ദാക്കപ്പെട്ട ആക്റ്റിന്റെ മുൻകാലത്തെ പ്രാബല്യത്തെയോ അതിൻ കീഴിൽ യഥാവിധി ചെയ്തതോ സംഭവിച്ചതോ ആയ ഏതെങ്കിലും കാര്യത്തെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഡി) റദ്ദാക്കപ്പെട്ട ആക്റ്റിന് കീഴിൽ, ആർജ്ജിച്ചതോ ഉണ്ടായിട്ടുള്ളതോ സംഭവിച്ചതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ബാദ്ധ്യതയെയോ കടപ്പാടിനെയോ ബാധിക്കുകയോ; അല്ലെങ്കിൽ

KNPP.1653/2022.

(ഇ) റദ്ദാക്കപ്പെട്ട ആക്റ്റിനെതിരായി ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ചുള്ള ഏതെങ്കിലും പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(എഫ്) മുൻപറഞ്ഞ പ്രകാരം അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ കടപ്പാടിനെയോ ബാധ്യതയെയോ പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണത്തെയോ നിയമനടപടിയെയോ അല്ലെങ്കിൽ പരിഹാരത്തെയോ ബാധിക്കുകയോ,

ചെയ്യുന്നതല്ലാത്തതും, ഈ ആക്റ്റ് പാസ്സാക്കിയില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള ഏതെങ്കിലും അന്വേഷണ വിചാരണയോ നിയമനടപടികളോ അല്ലെങ്കിൽ പരിഹാരമോ ആരംഭിക്കാവുന്നതും, തുടരാവുന്നതും അല്ലെങ്കിൽ നടപ്പിലാക്കാവുന്നതും അല്ലെങ്കിൽ അപ്രകാരമുള്ള ഏതെങ്കിലും പിഴയോ പിഴശിക്ഷയോ കണ്ടുകെട്ടലോ ശിക്ഷയോ ചുമത്താവുന്നതും ആകുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്റ്റിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

(ബി) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ തോട്ടം ഭൂമി നികുതിയിന്മേലുള്ള നികുതി നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ സ്വീകരിക്കുന്നതിനും തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം, ഏതെങ്കിലും ആളിൽ നിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്റ്റിന് കീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല.